ശ്രീ. സി. മോയിൻകുട്ടി : നാളികേര വികസന ബോർഡിന്റേയും ഗവണ്മെന്റിന്റേയും സാമ്പത്തിക സഹായത്തോടുകൂടിയാണല്ലോ കൂമ്പ് ചീയലിനുള്ള നഷ്ടപരിഹാരം നൽകുന്നത്. യഥാർത്ഥത്തിൽ തെങ്ങുകൃഷി പൂർണ്ണമായും നശിച്ച കർഷകരിൽ പത്ത് ശതമാനത്തിനുപോലും ഈ ധനസഹായം ലഭ്യമാകുന്നില്ല എന്നുള്ളതാണ് സത്യം. അതുപോലെ കമുകിന് ഒന്നര ശതമാനം മാത്രമാണ് ലഭിക്കുന്നത്. പരിപൂർണ്ണമായി നശിച്ചിട്ടുള്ള തെങ്ങിനും കമുകിനും മുഴുവൻ തുകയും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഗവൺമെന്റ് എടുത്തിട്ടുള്ള പ്രൊസീഡ്യുവറിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ പരിശോധിക്കാം. കുറച്ച് തെങ്ങിനേ കൊടുക്കുകയുള്ളൂ. ബാക്കിയുള്ളതിന് കൊടുക്കുകയില്ല. കൂമ്പ് ചീയൽ രോഗം രണ്ട് വിധത്തിലുണ്ടാകാം. ഒന്ന് തെങ്ങ് മുഴുവൻ പോയി എന്നുവരില്ല. തുടക്കത്തിൽത്തന്നെ മരുന്നുകളും മറ്റും ഉപയോഗിച്ച് മാറ്റാവുന്നതാണ്. അതുകൊണ്ടാണ് മുഴുവൻ തെങ്ങുകളും വെട്ടി മാറ്റാത്തത്. അതിന്റെ ആവശ്യമില്ല. വെട്ടിമാറ്റേണ്ടതായ തെങ്ങുകൾ വെട്ടിമാറ്റാൻ പറയുക. ഏതെങ്കിലും വിധത്തിൽ ഒരു പരിധി വയ്ക്കുന്നില്ലെങ്കിൽ അത് മാറ്റുന്നതിനുള്ള നടപടി എടുക്കാം. പക്ഷേ വെട്ടിമാറ്റേണ്ടത് വെട്ടി മാറ്റിയശേഷം അല്ലാത്ത തെങ്ങുകളിൽ ബോർഡോമിശ്രിതം തളിച്ചും മറ്റ് നടപടികളെടുക്കുകയും ചെയ്താൽ കൂടുതൽ തെങ്ങുകളെ സംരക്ഷിച്ചെടുക്കാം. അതിനുള്ള നടപടികളുണ്ട്. പിന്നെ കൃഷിക്കാരനെ സഹായിക്കാൻ അവിടെ നിന്ന് വിത്ത് തേങ്ങ എടുത്തതിന്റെ വിലകുറച്ച് കഴിഞ്ഞ കൊല്ലത്തേതുപോലെ ആക്കിയിട്ടുണ്ട്. ഇങ്ങനെ ചെയ്യാവുന്നത് മുഴുവൻ ചെയ്താലും നിയമസഭയിൽ വന്ന് പിരാകിയാലോ. അത് ശരിയല്ല.

(2) ഭാരതപ്പുഴ അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വളരെ ഗൗരവമായ ഒരു വിഷയത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഞാൻ അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഭാരതപ്പുഴ ഏതാണ്ട് നാശത്തിന്റെ പാതയിലേക്ക് നീങ്ങിയിരിക്കുകയാണ്. പോഷകനദികളുടെ കാര്യത്തിൽ സമ്പന്നമാണ് ഭാരതപ്പുഴ. കണ്ണാടിപ്പുഴ, കൽപ്പാത്തിപ്പുഴ, ഗായത്രിപ്പുഴ, തൂതപ്പുഴ എന്നീ പോഷകനദികൾ ഭാരതപ്പുഴയെ സമ്പുഷ്ടമാക്കുന്നുണ്ട്. കേരളത്തിലുള്ള അണക്കെട്ടുകളിൽ ഏറിയ പങ്കും ഭാരതപ്പുഴയിലാണ്. പതിനാല് അണക്കെട്ടുകൾ ഈ നദിയിലുണ്ട്. രണ്ട് കണ്ണുകൾക്കിടയിൽ ഒരു മൂക്ക് കണ്ണാടി വയ്ക്കാനാണെങ്കിൽ, രണ്ട് കുന്നുകൾക്കിടയിലുള്ള ഒരു നീർച്ചാൽ അണക്കെട്ടാനാണെന്നാണ് നമ്മുടെ എൻജിനീയർമാർ കരുതിയത് എന്ന് ബഹുമാന്യനായ ശ്രീ. എം. വി. കൃഷ്ണവാര്യർ കളിയാക്കി പറഞ്ഞ വസ്തുത ഇവിടെ ഞാൻ ഓർക്കുകയാണ്. പോത്തുണ്ടി അണക്കെട്ടിന്റെ റിസർവോയറിൽ ഇന്ന് കാലികൾ മേയുകയാണ്. മംഗലം റിസർവോയറിന്റേയും സ്ഥിതി ഇതിൽ നിന്ന് വ്യത്യസ്തമല്ല. അൽപ്പം വെള്ളമുള്ളത് മലമ്പുഴ ഡാമിലാണ്. മലമ്പുഴ ഡാമിന്റെ ജലസമൃദ്ധി കുറയുകയാണ്. മലമ്പുഴ ഡാമിന്റെ വൃഷ്ടി പ്രദേശം കുറഞ്ഞുകുറഞ്ഞു വരുന്നു. വാളയാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് നിന്നാണ് ഇപ്പോൾ മലബാർ സിമന്റ്സിന് ആവശ്യമായ ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുന്നത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഡാമുകളുണ്ടാക്കുന്നു. ഈ ഡാമുകൾ ജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ കഴിയുന്നുണ്ടോ എന്ന് വളരെ ഗൗരവമായി പരിശോധിക്കണ്ടേ? ആയിരക്കണക്കിന് ശുദ്ധജല വിതരണ പദ്ധതികളിലൂടെയും ചെറുകിട ജലസേചന പദ്ധതികളിലൂടെയും കാർഷിക പുരോഗതിക്കും വാണിജ്യ-വ്യവസായ വികസനത്തിനും ഏറെ പ്രാധാന്യം നൽകിയ ഭാരതപ്പുഴ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഭാരതപ്പുഴ ഇപ്പോൾ ഒരു സമയത്തും നിറഞ്ഞ് ഒഴുകാറില്ല. ഇടവപ്പാതിയിലും തുലാവർഷത്തിലും ഭാരതപ്പുഴ ഇരു കരകളും മുട്ടി ജനങ്ങളെ ഭയപ്പെടുത്തിയിരുന്ന സ്ഥിതി ഉണ്ടായിരുന്നുവെന്ന് ഭാരതപ്പുഴയുടെ തീരത്ത് താമസിക്കുന്ന ഞാൻ എന്റെ കുട്ടിക്കാലത്തൊക്കെ കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഞാൻ കാണുന്നത് ഭാരതപ്പുഴ വറ്റിവരണ്ട് കിടക്കുന്ന വളരെ ഭീതിതമായ ഒരു ചിത്രമാണ്. ഭാരതപ്പുഴയുടെ തീരവാസികൾക്കുപോലും വേനൽക്കാലമാകുമ്പോൾ വെള്ളം കിട്ടുന്നില്ല. ഈ നദിയുടെ കരയിലുള്ള കൃഷിയും മറ്റ് അനുബന്ധ വ്യവസായങ്ങളും ഏറെ തകർന്നു കഴിഞ്ഞു. വളരെയേറെ പ്രാധാന്യമുള്ള ഈ നദിയെ സംരക്ഷിക്കാനുള്ള യാതൊരു നടപടിയും ഇന്നുവരെ സ്വീകരിച്ചിട്ടില്ല. നദീതീരങ്ങൾ കയ്യേറി അശാസ്ത്രീയമായ നിർമ്മാണങ്ങൾ നടത്തുകയാണ്. അനധികൃതമായ മണലെടുപ്പ് ഭാരതപ്പുഴയുടെ നീർ വലിച്ചെടുക്കുകയാണ്. മനുഷ്യന് വേണ്ടാത്തതെല്ലാം നിക്ഷേപിക്കുന്ന ഒരിടമായി ഈ നദി മാറിയിരിക്കുകയാണ്. ഇതുമൂലം ഉള്ള വെള്ളം പോലും മനുഷ്യർക്ക് കുടിക്കാനും കുളിക്കാനും കഴിയാത്ത രൂപത്തിൽ മലിനമാകപ്പെട്ടിരിക്കുന്നു. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഭാരതപ്പുഴയിൽ അപൂർവ്വമായി അവിടേയും ഇവിടേയും തങ്ങി നിൽക്കുന്ന വെള്ളത്തിൽ കുളിച്ചാൽ ആളുകൾക്ക് രോഗം വരുന്നതായാണ് പത്രങ്ങളിൽ റിപ്പോർട്ട് വന്നത്. ഈ വെള്ളം കുടിക്കുന്ന ആളുകൾക്ക് കോളറ വരെ വരുന്ന സ്ഥിതി പത്രങ്ങളിൽ ദൈനംദിനമായി വരുന്നുണ്ട്. ആ നദിയിൽ ഇന്ന് കുറ്റിക്കാടുകൾ വളർന്ന് നിൽക്കുകയാണ്. നദിയുടെ ഏത് പ്രദേശമെടുത്ത് പരിശോധിച്ചാലും വമ്പിച്ച രൂപത്തിൽ കാടുകളാണ്. ഈ കാടുകൾ എല്ലാവിധ ദുഷ്പ്രവൃത്തികൾക്കും വേദിയായി മാറുകയാണ്. അനധികൃത ചാരായ വാറ്റ് കേന്ദ്രമായും കൊള്ള സംഘങ്ങളുടെ ഇരിപ്പിടമായും ഈ കുറ്റിക്കാടുകൾ വളർന്നിട്ടുണ്ട്. ഒരാൾക്ക് ഒറ്റയ്ക്ക് നദിയിലൂടെ നടന്ന് പോകാൻ പറ്റാത്ത അവസ്ഥയാണ്. ഭാരതപ്പുഴയുടെ തീരത്താണ് നമ്മുടെ സംസ്കാരം രൂപപ്പെട്ടത്. ഭാരതപ്പുഴയെന്നു പേരുള്ള ഭാരതത്തിലെ ഏക നദിയാണ് ഇത്. ആ നദിയെ സംരക്ഷിക്കാൻ പദ്ധതി ഉണ്ടാകണ്ടേ? വരൾച്ച വരുമ്പോൾ താൽക്കാലികമായി വരൾച്ച പരിഹരിക്കാൻ ആളുകൾക്ക് കുടിവെള്ളം കൊടുക്കുന്ന സംവിധാനം സംസ്ഥാനത്ത് ഉണ്ട്. ഏതെങ്കിലും കുറച്ച് ആളുകളെ ചുമതലപ്പെടുത്തി, അല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ലോറിയിൽ വെള്ളം കൊടുക്കുന്ന സ്ഥിതിയാണ്. കോടിക്കണക്കിന് രൂപ ഈ ഇനത്തിൽ ഓരോ വർഷവും നമ്മുടെ ഖജനാവിൽനിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? വരൾച്ച വരുമ്പോൾ താൽക്കാലികമായ പരിഹാരം അല്ല വേണ്ടത്. ഇങ്ങനെ എത്ര നാൾ പണം ചെലവാക്കാൻ നമുക്ക് കഴിയും? ആയിരക്കണക്കിന് ക്യൂബിക് ലിറ്റർ വെള്ളം ഓരോ വർഷവും ഭാരതപ്പുഴയിലൂടെ ഒഴുകി കടലിൽ പതിക്കുന്നു. ഇങ്ങനെ പാഴായി പോകുന്ന വെള്ളത്തെ സംരക്ഷിച്ച് നിർത്താൻ ഒരു പദ്ധതി വേണ്ടേ? ദീർഘവീക്ഷണത്തോടു കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആവിഷ്കരിക്കാൻ നമുക്ക് കഴിയുന്നില്ല. ഭാരതപ്പുഴയുടെ പോഷക നദികളും ആ നദികളുടെ വൃഷ്ടി പ്രദേശങ്ങളും സംരക്ഷിക്കാൻ നമുക്ക് കഴിയണം. നദിയുടെ തീരങ്ങൾ സംരക്ഷിക്കണം. ഇപ്പോൾ മണലെടുപ്പിന്റെ ഭാഗമായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നാൽപത് കോടിയിൽപരം രൂപ ഉണ്ടെന്നാണ് കേൾക്കുന്നത്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി നദീജലം സംരക്ഷിക്കാനോ നദി സംരക്ഷിക്കാനോ ആവശ്യമായ യാതൊരു നിർദ്ദേശവും നൽകുന്നില്ല. ഏതെങ്കിലും കരാറുകാർ ഒപ്പിച്ചു കൊടുക്കുന്ന വർക്കുകൾ മാത്രം ചെയ്യാനായി ഇന്ന് റിവർ മാനേജ്മെന്റ് ഫണ്ട് വക മാറ്റിയിരിക്കുകയാണ്. ഈ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തിയും ഭാരതപ്പുഴയെ സംരക്ഷിക്കാൻ കഴിയും. നദീജലം സംരക്ഷിക്കാൻ ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രി അടുത്ത ദിവസം പട്ടാമ്പിയിൽ വന്നിരുന്നു. ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പതിനായിരക്കണക്കിന് ആളുകൾ അന്ന് ഉണ്ടായിരുന്നു. ഞാൻ കരുതിയത് ആളുകളെ സാക്ഷി നിർത്തി അദ്ദേഹം ഒരു പദ്ധതി പ്രഖ്യാപിക്കുമെന്നാണ്. വളരെ പ്രധാനപ്പെട്ട നദിയാണിത്. അത് നശിച്ചുകൊണ്ടിരിക്കുന്നു. ആ നദിയിൽ നിന്നാണ് ജല സംരക്ഷണ ജാഥ തന്നെ ആരംഭിച്ചത്. അദ്ദേഹം ആ നദി നേരിട്ടുകണ്ടു. വെള്ളിയാംകല്ല് റെയിൽവേ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് അദ്ദേഹം ആ പ്രദേശത്ത് വന്നിരുന്നു. പലപ്പോഴും അദ്ദേഹത്തിന് നദിയുടെ ദയനീയാവസ്ഥ ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും. ചെക്ക് ഡാമുകളുടെ നിർമ്മാണത്തോടൊപ്പം, നദീജലം മലിനപ്പെടുത്തുന്നവർക്കെതിരെ കർശനമായ നടപടി എടുക്കാനും കഴിയണം. കുറ്റിക്കാടുകൾ മുഴുവൻ നീക്കം ചെയ്ത് നദിയെ സംരക്ഷിച്ചെടുക്കണം. ഇതിനുമുൻപ് 29-7-2002 ൽ ഒരു കാളിംഗ് അറ്റെൻഷൻ ഈ അസംബ്ലിയിൽ കൊണ്ടുവന്നപ്പോൾ അതിന് മറുപടിയായി ഇതിന്റെ പഠനം നടന്നതായി ബഹുമാന്യനായ അന്നത്തെ മന്ത്രി ശ്രീ. ടി. എം. ജേക്കബ്ബ് പറയുക ഉണ്ടായി. അതേത്തുടർന്ന് ഏതുവരെ എത്തിയെന്നും നദിയെ സംരക്ഷിക്കാൻ ആവശ്യമായ ഒരു പദ്ധതി തയ്യാറാക്കി ഈ നദിയേയും അതുപോലെ ഇതിന്റെ തീരത്ത് താമസിക്കുന്ന ലക്ഷക്കണക്കിനുള്ള ആളുകളെയും സംരക്ഷിക്കാൻ ആവശ്യമായ നടപടി ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട വി. കെ. ചന്ദ്രൻ പറഞ്ഞ പൊതുവികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഭാരതപ്പുഴയെ സംരക്ഷിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. നമ്മുടെ ഏറ്റവും ദൈർഘ്യമേറിയ നദിക്ക് ആവശ്യമായ പരിരക്ഷ കിട്ടുന്നില്ലെന്നുള്ള യാഥാർത്ഥ്യം നിൽക്കുകയാണ്. പക്ഷെ പറമ്പിക്കുളം ആളിയാർ എഗ്രിമെന്റിന്റെ-പി.എ.പി. എഗ്രിമെന്റിന്റെ രക്തസാക്ഷിയാണ് നമ്മുടെ ഈ നദി. കാരണം, ഒരുകാലത്ത് ഏറ്റവും നന്നായി വെള്ളത്തിന്റെ സംഭരണം ഉണ്ടായിരുന്ന ആ നദി ഇപ്പോൾ ശോഷിച്ച്, അങ്ങ് പറഞ്ഞതുപോലെ, പല സ്ഥലങ്ങളിലും തുരുത്തുകളുണ്ടായി മരങ്ങൾ വളർന്ന് നിൽക്കുകയാണ്. സത്യം പറഞ്ഞാൽ ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിന് ആഗ്രഹം ഉണ്ട്. ഇതിന്റെ തുരുത്തുകൾ മാറ്റുന്നതിനുവേണ്ടിയുള്ള വിപുലമായ പദ്ധതികൾ ഉണ്ടാക്കണമെന്ന്, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

പെർമിഷനോടുകൂടി എന്തെങ്കിലും ഈ കാര്യത്തിൽ ചെയ്യാൻ പറ്റുമോ എന്ന് പരിശോധിക്കുന്നുണ്ട്. ഈ തുരുത്തുകൾ എല്ലാം മാറ്റി ജലം കൂട്ടായി ഒഴുകാൻ പറ്റുന്ന സാധ്യത വന്നാൽ മാത്രമേ നദി കണ്ടാൽ അതിന് സൗന്ദര്യം തോന്നുകയുള്ളൂ. പക്ഷെ ഇപ്പോൾ അതിനകത്ത് തുരുത്തുകളുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സഹകരണത്തോടുകൂടി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : റിവർ മാനേജ്മെന്റ് ഫണ്ടുണ്ട്. കോടിക്കണക്കിന് രൂപയുണ്ട്. ആ പൈസ ഉപയോഗിച്ച് ചെയ്തുകൂടെ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങേക്കറിയാം റിവർ മാനേജ്മെന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ളതല്ല. ഇറിഗേഷന് ഇത് ചെയ്യാനുള്ള പ്രയാസം അങ്ങേക്കറിയാം. ജല സാക്ഷരതയ്ക്കുവേണ്ടി ആയിരക്കണക്കിന് ആളുകളെ ഞങ്ങൾ ഇതിൽ ഒരുമിപ്പിച്ച് ജനങ്ങളിൽ അതിനുള്ള ബോധനം ഉണ്ടാക്കുന്നതിനു വേണ്ടി തുടങ്ങി. സത്യം പറഞ്ഞാൽ ആ പദ്ധതി ഒരു വമ്പിച്ച വിജയം ആണെന്നാണ് എന്റെ വിശ്വാസം. മൂന്ന് സ്ഥലത്തു നടത്തി. മൂന്ന് സ്ഥലത്തും നല്ല പാർട്ടിസിപ്പേഷനായിരുന്നു. ഇത് സൂചിപ്പിക്കുന്നത്, ജനങ്ങൾക്ക് ഇതിൽ നല്ല അവെയർനസ് ഉണ്ട് എന്നാണ്. ഇതിന്റെ പ്രാധാന്യം വളരെ നന്നായി മനസ്സിലായി എന്നുള്ളതാണ്. അതുകൊണ്ട് ഈ ജല സംരക്ഷണ പദ്ധതിയും ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്. അതോടൊപ്പം തന്നെ—ഏകദേശം അവസാന രൂപത്തിൽ വന്നുനിൽക്കുകയാണ്—ഒരു ജല നയം രൂപീകരിച്ച് അതിനെ ഭംഗിയായി കൊണ്ടുപോകുന്നതിനുള്ള ശ്രമത്തിലാണ് നിൽക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ച, ഭാരതപ്പുഴ അതോറിറ്റി രൂപീകരിക്കുന്നതടക്കമുള്ള കാര്യങ്ങൾ എന്നോട് ശ്രീ. സി. പി. മുഹമ്മദ്, ഒരു സബ്മിഷന്റെ രൂപത്തിൽ എഴുതി തന്നിട്ടുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തിന് ഒരു ദിവസം രണ്ട് സബ്മിഷൻ അവതരിപ്പിക്കാൻ പറ്റാത്തതുകാരണം അവതരിപ്പിക്കാൻ കഴിയാതെ പോയതാണ്. കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയായ ഭാരതപ്പുഴ കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽക്കൂടി ഒഴുകുന്ന ഏറ്റവും വലിയ നദിയാണ്. ഇതിന്റെ കൈവഴികളാണ് ഗായത്രിപ്പുഴ, കണ്ണാടിപ്പുഴ അല്ലെങ്കിൽ ചിറ്റൂർ പുഴ, കൽപ്പാത്തിപ്പുഴ, തൂതപ്പുഴ. ഭാരതപ്പുഴയുടെ കേരളത്തിലെ ബേസിനിൽ മലമ്പുഴ, പോത്തുണ്ടി, ഗായത്രി, മംഗളം, വാളയാർ, ചീരക്കുഴി, ചിറ്റൂർപ്പുഴ, കാഞ്ഞിരപ്പുഴ എന്നീ ഡാമുകളും, തമിഴ്നാട് ബേസിനിൽ കാടംബാർ, അപ്പർ നീരാർ, ലോവർ നീരാർ എന്നീ ഡാമുകളും സ്ഥിതിചെയ്യുന്നു. ഈ ജലസേചന പദ്ധതികൾ മുഖേന ഭാരതപ്പുഴയിലെ നീരൊഴുക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ പി.എ.പി. എഗ്രിമെന്റിന്റെ കാര്യം പറഞ്ഞത്. 4-3-2005-ൽ ചേർന്ന നബാഡിന്റെ സ്ക്രീനിംഗ് കമ്മിറ്റിയിൽ ഭാരതപ്പുഴയിൽ നിലവിലുള്ള ലക്കിടി-പേരൂർ ചെക്ക് ഡാമിന് മുകൾ ഭാഗത്തും പഴയ പറളി പാലത്തിനുമിടയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. തിരുവഞ്ചി ക്ഷേത്രത്തിന് സമീപം, മുട്ടിൽ കടവിൽ, സത്രം കടവിൽ, പൂതക്കോട് ഭാഗം, മുണ്ടക്കയം കടവ്, ഭൂതത്താൻ കെട്ട്, കണ്ണാടിപ്പുഴയ്ക്ക് കുറുകെ കാളി ക്ഷേത്രത്തിന് സമീപം, കൊടുമ്പു എന്നീ സ്ഥലങ്ങളിൽ ചെക്ക് ഡാം

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിനുവേണ്ടിയുള്ള സ്ക്രീനിംഗ് കമ്മിറ്റിയുടെ പെർമിഷൻ കിട്ടിയിട്ടുണ്ട്. കണ്ണാടി പുഴയ്ക്ക് കുറുകെ കൂലുക്കല്ലൂർ പഞ്ചായത്തിൽ മപ്പാട്ടുകരയിൽ ചെക്ക് ഡാം നിർമ്മാണത്തിനാണ് നമുക്ക് സ്ക്രീനിംഗ് കമ്മിറ്റിയിൽനിന്ന് ക്ലിയറൻസ് കിട്ടിയിട്ടുള്ളത്. ഇവ കൂടാതെ ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ, ചങ്ങണംകുന്ന്, മുണ്ടായ, പട്ടാമ്പി, തൃതപ്പുഴയിൽ വിളയൂർക്കടവ്, പാടൃമംഗലം, തോണിക്കടവ്, മപ്പാട്ടുകര എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻവേണ്ട നടപടികൾ എടുത്തുവരുന്നു. കൂടാതെ ഭാരതപ്പുഴയിൽ കൂട്ടക്കടവ് ചെക്ക് ഡാം നിർമ്മിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്ന് ജില്ലകളിൽക്കൂടി കടന്നുപോകുന്ന വലിയ നദിയായ ഭാരതപ്പുഴയുടെ സംരക്ഷ്ണത്തിനുവേണ്ടി ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി വിശദമായ പര്യവേക്ഷണം നടത്തുന്നതിനും പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും തുടർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി 2005-2006-ലെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്നതാകയാൽ കേന്ദ്ര സർക്കാരിന്റെ ദേശീയ നദീസംരക്ഷണ പദ്ധതിയിൽ പ്പെടുത്തി മാത്രമേ ഭാരതപ്പുഴ സംരക്ഷണത്തിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ കഴിയുകയുള്ളൂ. കൂടാതെ സംസ്ഥാനത്തെ എല്ലാ നദികളേയും മാലിന്യ വിമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി 'ഒരു റിവർ അതോറിറ്റി ഓഫ് കേരള' രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള റിപ്പോർട്ട് തയ്യാറാക്കാൻ കോഴിക്കോട്ടുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ അതോറിറ്റി നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ എല്ലാ നദികളുടേയും സംരക്ഷണത്തെക്കുറിച്ചുള്ള പഠനങ്ങളും പരിഹാരങ്ങളും സാദ്ധ്യമാകും. ഈ സന്ദർഭത്തിൽ കേരളത്തിന്റെ പ്രാധാന്യം വച്ച് നോക്കിയാൽ നിശ്ചയമായും ഭാരതപ്പുഴയ്ക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : ബഹുമാന്യനായ മന്ത്രിയുടെ മറുപടിയിൽ കുറെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ പഠനം നടത്താനുള്ള ശ്രമമുണ്ട് എന്നും അതിന് ആവശ്യമായ പ്രൊവിഷൻ ഈ ബഡ്ജറ്റിൽ തന്നെയുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതിന്റെ തീരം മുഴുവൻ ഇടിഞ്ഞു പൊയ്ക്കൊണ്ടിരിക്കുകയാണ്. അനധികൃത കയ്യേറ്റങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ തീരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതുപോലെ ഈ പദ്ധതിയുടെ സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. സി.ഡബ്ല്യൂ.ആർ.ഡി.എം. മാത്രം പരിശ്രമിച്ചിട്ട് കാര്യമില്ല. അതിനാവശ്യമായ സംവിധാനം എന്ന നിലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും, എം.എൽ.എ.-മാരും ഉൾപ്പെടെ പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകളേയും ഉദ്യോഗസ്ഥരേയും വിളിച്ച് ബഹുമാന്യനായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അടിയന്തിര യോഗം കൂടി ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: യോഗം വിളിക്കണമെങ്കിൽ വിളിക്കാം. പക്ഷേ പ്രധാനപ്പെട്ട പ്രശ്നം അതല്ല. ഇതിന്റെ സ്ക്രീനിംഗ് കമ്മിറ്റിയിൽ നിന്ന് ക്ലിയറൻസ് കിട്ടിയാൽ, അടുത്ത സ്റ്റെപ്പിലേക്ക് പോകുമ്പോഴാണ് ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ എത്തുക. ഇംപ്ലിമെന്റേഷൻ സ്റ്റേജിലെത്തുമ്പോൾ നിശ്ചയമായും ജനപ്രതിനിധികളുടേയും എല്ലാവരുടേയും അഭിപ്രായങ്ങൾ ഉൾക്കൊള്ളും. ആവശ്യമാണെങ്കിൽ അതേക്കുറിച്ച് ചർച്ചകൾ നടത്തും.

IV. സബ്മിഷൻ

(1) ദേശസാൽകൃത നിയമത്തിൽ ഭേദഗതി വരുത്തി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള നീക്കം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ കെ.എസ്.ആർ.ടി.സി. സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കമാണ് ഗവൺമെന്റ് വളരെ ധ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്നതെന്ന ഉത്കണ്ഠാജനകമായ വസ്തുതയാണ് ഈ സഭയുടെ മുന്നിൽ എനിക്ക് വയ്ക്കാനുള്ളത്. 32 റൂട്ടുകളിൽ നിയമവിധേയമല്ലാത്ത പെർമിറ്റുകൾ നേടി സ്വകാര്യ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം-തേക്കടി, തിരുവനന്തപുരം-കുമളി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുകയാണ്. ദേശവൽകൃത നിയമത്തിൽ ഭേദഗതി വരുത്തി സ്വകാര്യ ബസ്സുടമകൾക്ക് പെർമിറ്റ് നൽകികൊണ്ട്, നിയമവിധേയമല്ലാത്തത് നിയമവിധേയമാക്കിക്കൊടുക്കാനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തുന്നത്. 32 റൂട്ടുകളിൽ അങ്ങനെ സ്വകാര്യ ബസ്സുടമകൾക്ക് നിയമവിധേയമായി പെർമിറ്റ് നൽകാനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് ആകെ 64 റൂട്ടുകളിലായി 4200 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിന്റെ പകുതിയോളം വരുന്ന ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുടമകൾക്ക് പെർമിറ്റ് നൽകി ഈ സ്ഥാപനത്തെ തകർക്കാനാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ നീക്കം. സ്വകാര്യ ബസ്സുടമകൾ അതിന് സഹായകമായ നിലയിൽ കോടതിയെ സമീപിച്ചെങ്കിലും കോടതി അതിനെ വിലക്കി; ഈ സ്ഥാപനം നിലനിൽക്കണമെന്നുള്ള നിലപാടാണ് ബഹുമാനപ്പെട്ട കോടതികളെല്ലാംതന്നെ സ്വീകരിച്ചിട്ടുള്ളത്. അവസാനം സുപ്രീംകോടതിയുടെ മുമ്പിൽ സ്വകാര്യ ബസ്സുടമകൾ കേസുമായി പോയിരിക്കുകയാണ്. അങ്ങനെ സ്വകാര്യ ബസ്സുടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമവുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ ഏതാണ്ട് 31,000 തൊഴിലാളികളാണ് പണിയെടുത്തുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽത്തന്നെ ഏതാണ്ട് മൂന്ന് ലക്ഷം ടിക്കറ്റുകളാണ് പ്രതിദിനം വിറ്റുവരുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് അൻപത് ലക്ഷത്തോളം ആളുകൾ സർക്കാരിന്റെ മേൽനോട്ടത്തിലുള്ള ഈ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി കൊല്ലങ്ങളായി യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനം നിലനിൽക്കുന്നതിന്റെ ഫലമായി, സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ യാത്രക്കാർക്കുവേണ്ടി ചില

LIBRARY ARCHIVES Kerala Legislative Assembly